ആശ വർക്കർമാർക്ക് ലീവ് അനുവദിക്കാൻ നടപടി

85 (1813) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട 'ആശ' വർക്കർമാരെ പിരിച്ചുവിടാൻ ആലോചിക്കുന്നുണ്ടോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടി ടീച്ചർമാർക്ക് അഞ്ചുവർഷം ലീവ് അനുവദിച്ചതുപോലെ 'ആശ' വർക്കർമാർക്കും ലീവ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആശാപ്രവർത്തകർക്ക് പകരം പുതിയ ആശമാരെ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

(ബി) ആശാപ്രവർത്തകർ സന്നദ്ധപ്രവർത്തകരായതുകൊണ്ട് ലീവ് അനുവദിക്കുവാനാവില്ല.

അങ്കണവാടി ജീവനക്കാരുടെ പെൻഷൻ

86 (1814) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കണവാടി ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മത്സരിക്കുന്നതിനായി രാജിവച്ച അങ്കണവാടി ജീവനക്കാർക്ക് പെൻഷൻ ലഭിക്കുമോ ?

ഉത്തരം

(എ) ഐ.സി.ഡി.എസ്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തു പ്രവർത്തിക്കുന്ന അംഗൻവാടികളിൽ ജോലിചെയ്യുന്ന വർക്കർമാരും ഹെൽപ്പർമാരും 60 വയസ്സ് പൂർത്തിയായി വിരമിക്കുമ്പോൾ അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി അംഗൻവാടി വർക്കർക്ക് 500 രൂപയും ഹെൽപ്പർമാർക്ക് 300 രൂപയും പ്രതിമാസ പെൻഷൻ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചിട്ടുണ്ട് :

1. 60 വയസ്സ് പൂർത്തിയാകുന്ന സമയത്ത് ജോലിയിലുണ്ടാകുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമാണ് പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇവരുടെ വിരമിക്കൽ തീയതി എല്ലാ വർഷവും ഏപ്രിൽ 30-ആയി ഏകീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly